**ആഗമനകാലം നാലാം ഞായർ**

**മത്താ 1:18-24**

**ജോസഫിലൂടെ യേശുവിലേക്ക്**

റവ.ഫാ. ജോഷി പുതുശ്ശേരി

സുവിശേഷത്തിലെ കേന്ദ്ര കഥാപാത്രമായ യേശു ആരെന്നും അവന്റെ ദൗത്യം എന്താണെന്നും വ്യക്തമാക്കുകയാണ് മത്തായി ഒന്നാം അധ്യായത്തിന്റെ പ്രധാന ഉദ്ദേശ്യം. ആദ്യഭാഗത്ത് (1:1-17) അബ്രാഹത്തിന്റെയും ദാവീദിന്റെയും പുത്രനായ മിശിഹായായി അവൻ അവതരിപ്പിക്കപ്പെട്ടു. ജോസഫിലൂടെയാണ് യേശു ഈ വംശാവലിയുടെ ഭാഗമാകുന്നത്. എന്നാൽ, 16-ാം വാക്യത്തിൽ മറിയത്തിൽ നിന്നുള്ള അവന്റെ ജനനത്തിൽ ജോസഫിന് പങ്കില്ല എന്ന സൂചനയുണ്ട്. ഈ സൂചനയുടെ വിശദീകരണം അധ്യായത്തിന്റെ രണ്ടാം ഭാഗമായ 18 മുതൽ 25 വരെയുള്ള വാക്യങ്ങളിൽ നല്കപ്പെടുന്നു. ഒപ്പം, യേശുവിന്റെ വ്യക്തിത്വവും ദൗത്യവും കൂടുതൽ അനാവരണം ചെയ്യപ്പെടുന്നു.

ബാല്യകാല വിവരണത്തിൽ ലൂക്കായെ പോലെ മറിയത്തിനല്ല, മറിച്ച് ജോസഫിനാണ് മത്തായി പ്രാധാന്യം നല്കുന്നത്. അവലംബിച്ച സ്രോതസ്സുകളുടെ വ്യത്യാസത്തിനൊപ്പം ദൈവശാസ്ത്രപരമായ കാരണങ്ങളും ഈ തിരഞ്ഞെടുപ്പിനുണ്ട്. യഹൂദക്രിസ്ത്യാനികളെ ഉദ്ദേശിച്ച് രചിക്കപ്പെട്ട മത്തായി സുവിശേഷം, യഹൂദർ പ്രത്യാശയോടെ പാർത്തിരുന്ന, പഴയ നിയമ പ്രവചനങ്ങളുടെ പൂർത്തീകരണമായ, രക്ഷകനായാണ് യേശുവിനെ അവതരിപ്പിക്കുന്നത്. 'ദാവീദിന്റെ പുത്രനായ' ജോസഫിലൂടെയാണ് (1:20) യേശു ദാവീദിന്റെ പുത്രനാകുന്നത്. യാക്കോബിന്റെ പുത്രനും നീതിമാനും സ്വപ്നങ്ങളിലൂടെ ദൈവിക വെളിപാട് സ്വീകരിച്ചവനും കുടുംബത്തെ രക്ഷിക്കാനായി ഈജിപ്തിലേക്ക് പോയവനുമായ പഴയ നിയമത്തിലെ ജോസഫിന്റെ മാതൃകയിൽ ഈ ജോസഫിനെയും ചിത്രീകരിച്ചിരിക്കുന്നതിന്റെ ലക്ഷ്യവും മറ്റൊന്നല്ല.

കന്യകയായ മറിയത്തിൽ നിന്നാണ് യേശുവിന്റെ പിറവി എന്ന് സുവിശേഷം ആവർത്തിച്ച് ഉറപ്പിക്കുന്നു.

1. ജോസഫുമായി സഹവസിക്കുന്നതിനു മുൻപേ മറിയം പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടു എന്ന രചയിതാവിന്റെ വിവരണം (1:18).
2. അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിനാൽ നിന്നാണെന്ന ദൂതന്റെ വെളിപ്പെടുത്തൽ (1:20).
3. കന്യക (പാർഥേനോസ്) ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും എന്ന ഏശയ്യ 7:14-ൽ നിന്നുള്ള ഉദ്ധരണി (1:22).
4. പുത്രനെ പ്രസവിക്കുന്നതുവരെ അവളെ അവൻ അറിഞ്ഞില്ല എന്ന സ്ഥിരീകരണം (1:25).

സ്വാഭാവികമായ ശാരീരികബന്ധത്തിന്റെ അഭാവം ഈ പിറവിയെ അദ്ഭുതകരമാക്കുന്നു. പരിശുദ്ധാത്മാവിൽ നിന്ന് പിറവിയെടുക്കുന്നതിനാൽ യേശു അബ്രാഹത്തിന്റെയും ദാവീദിന്റെയും പുത്രൻ എന്നതിലുപരി ദൈവത്തിന്റെ പുത്രനാണ്. ദൈവപുത്രനെന്ന വിശേഷണവും ദൈവവുമായുള്ള യേശുവിന്റെ പിതൃപുത്ര ബന്ധവും മത്തായിയുടെ ക്രിസ്തുവിജ്ഞാനീയത്തിലെ സവിശേഷഘടകങ്ങളാണ് (2:15; 3:13-17; 4:6; 8:29; 16:16; 26:63-64; 27:54).

'യേശു', 'എമ്മാനുവേൽ' എന്നീ രണ്ടു നാമങ്ങളിലൂടെയാണ് മറിയത്തിൽ നിന്നു പിറന്ന ശിശുവിന്റെ സവിശേഷതകൾ വചനം വെളിപ്പെടുത്തുന്നത്.

1. യേശു: 'യാഹ്വേ രക്ഷിക്കുന്നു' എന്നർത്ഥമുള്ള ഹെബ്രായ ഭാഷയിലെ 'യഹോഷുവ' എന്ന പേരിന്റെ ഗ്രീക്കു രൂപമാണ് 'യേസൂസ്'. ദൂതൻ തന്നെ വ്യക്തമാക്കുന്നതുപോലെ, ജനതയെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിക്കുക എന്നതാണ് യേശുവിന്റെ ദൗത്യം. അന്ത്യ അത്താഴവേളയിൽ പാനപാത്രമെടുത്ത് ശിഷ്യന്മാർക്ക് നല്കുമ്പോൾ യേശു അതിനെ വിശേഷിപ്പിക്കുന്നത്, പാപമോചനത്തിനായി അനേകർക്കുവേണ്ടി ചിന്തപ്പെടുന്ന എന്റെ രക്തം (26:28) എന്നാണ്. കുരിശിൽ രക്തം ചിന്തിക്കൊണ്ടാണ് യേശു തന്റെ രക്ഷണീയദൗത്യം പൂർത്തിയാക്കുന്നത്.
2. എമ്മാനുവേൽ: 'ഏശയ്യ 8:8–10–ന്റെ വെളിച്ചത്തിൽ, ദൈവം നമ്മോടു കൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ എന്നവൻ വിളിക്കപ്പെടും' എന്ന പ്രവചനത്തിന്റെ പൂർത്തീകരണമാണ് യേശു എന്ന് സുവിശേഷകൻ സാക്ഷ്യപ്പെടുത്തുന്നു. ഈ പേരിൽ ഒരിക്കൽ പോലും അവൻ അഭിസംബോധന ചെയ്യപ്പെടുന്നതായി നാം കാണുന്നില്ല. യേശു ദൈവപുത്രൻ മാത്രമല്ല മനുഷ്യരോടു കൂടെയായിരിക്കുന്ന ദൈവം തന്നെയാണ് എന്ന വെളിപ്പെടുത്തലാണ് ഈ പേര്. 'യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോടു കൂടെയായിരിക്കും' എന്ന സുവിശേഷത്തിലെ അവസാന വാക്യത്തോട് ചേർത്തു വായിക്കുമ്പോൾ, രക്ഷ നല്കി എന്നും കൂടെയായിരിക്കാനുള്ള ദൈവത്തിന്റെ കടന്നുവരവാണ് ക്രിസ്തുമസ്സിൽ സംഭവിക്കുന്നത്.

'ഇതാ, കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ' (ലൂക്കാ 1:38) എന്ന സമർപ്പണത്തിലൂടെയാണ് മറിയം ക്രിസ്തുമസ് സാധ്യമാക്കിയത്. സ്വന്തം പദ്ധതികൾ മാറ്റിവച്ച് കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ പ്രവർത്തിച്ചാണ് (1:24) ജോസഫ് ക്രിസ്തുമസ്സിന്റെ ഭാഗമായത്. ദൈവേഷ്ടത്തിനായി സ്വജീവിതം വിട്ടുകൊടുക്കുന്നിടത്ത് ഇന്നും ക്രിസ്തുമസ്സ് ആവർത്തിക്കപ്പെടും.